# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3764 20/07/2015-ലെ മറുപടിക്ക്

## <u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം 9 am മുതൽ 4.45 വരെ ആക്കിയപ്പോൾ മധ്യാഹ്നത്തിലുള്ള ഇടവേളകൾ ഹൈസ്കൂളിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത സമയത്തിലായി മാറിയിട്ടുള്ളതു മൂലമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തന സമയം ഹൈസ്കൂളിന് ഇടവേളയായി മാറുന്നതു മൂലമുണ്ടാകുന്ന ശബ്ദദായമാനമായ അന്തരീക്ഷം മൂലം മിക്ക സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ അദ്ധ്യയനം തടസ്സപ്പെടുന്നതു ഒഴിവാക്കാൻ വേണ്ട അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ ;<br><br>(സി) ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് നിലവിൽ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | (എ), (ബി), & (സി) | ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെ ആക്കിയപ്പോൾ മധ്യാഹ്നത്തിലുള്ള ഇടവേളകൾ ഹൈസ്കൂളിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത സമയത്തിലായി മാറിയതിൽ അപാകതകൾ ഉള്ളതായോ സമയമാറ്റം ഹയർ സെക്കന്ററി വിഭാഗത്തിലെ അധ്യയനം തടസ്സപ്പെടുത്തുന്നതായോ സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ